ഒരു ലക്ഷം ലിറ്റർ ഉൾക്കൊള്ളാവുന്ന ഗ്രൗണ്ട് ലവൽ ടാങ്കും ഓവർഹെഡ് ടാങ്കും കിണറും പണിയുന്നതിനുള്ള 12.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

നെടുങ്ങാട്–നായരമ്പലം പാലം നിർമ്മാണം

180 [1531] ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ നെടുങ്ങാട്-നായരമ്പലം പാലം നിർമ്മാണം നബാർഡിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രാരംഭ നടപടികളും എവിടെവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നബാർഡിൽ നിന്ന് ഇതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

പെരുമ്പാവൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഒ. പി. ബ്ലോക്കിന്റെ പുനർ നിർമ്മാണം

181 [1532] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ഒ. പി. ബ്ലോക്കിന്റെ ഒന്നാം നില പുനർ നിർമ്മിക്കുവാൻ 2004-05 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടും നിർമ്മാണം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒ. പി. ബ്ലോക്കിന്റെ അപകടനില പരിഗണിച്ച് ഉടൻ നിർമ്മാണം തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതുവരെ എടുത്ത നടപടികളും പ്രസ്തുത പ്രവൃത്തിയുടെ പുരോഗതിയും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഭരണാനുമതിക്കായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് നിർമ്മാണം ആരംഭിക്കുന്നതാണ്.

പാപ്പിനിശ്ശേരി–പിലാത്തറ റോഡ് വികസന പദ്ധതി

182 [1533] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. അനുസരിച്ച് കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി-പിലാത്തറ റോഡ് വികസന പദ്ധതിയുടെ പുരോഗതി എത്രത്തോളമായെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly